REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 29-06-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ ഇന്ത്യൻ യാത്രികൻ ശുഭാംശു ശുക്ലയുമായി പ്രധാനമന്ത്രി നരേന്ദ്രമോദി സംവദിച്ചു.
- സംസ്ഥാന ഗവൺമെന്റിന്റെ രണ്ടു മാസത്തെ ഫയൽ അദാലത്തിന് മറ്റന്നാൾ തുടക്കമാകും.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.
- മുല്ലപ്പെരിയാറിൽ ജലനിരപ്പ് 136 അടി പിന്നിട്ടു. ഡാം തുറക്കാൻ നടപടി തുടങ്ങി- പെരിയാർ തീരത്ത് ജാഗ്രതാ നിർദ്ദേശം.
- ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യ ഇംഗ്ലണ്ടിനെ 97 റൺസിന് തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ ഇന്ത്യൻ യാത്രികൻ വ്യോമസേനാ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയുമായി പ്രധാനമന്ത്രി നരേന്ദ്രമോദി സംവദിച്ചു. ഇന്ത്യയിൽ നിന്ന് ഏറെ അകലെയാണെങ്കിലും, ഇന്ത്യക്കാരുടെ മനസ്സുമായി ഏറ്റവും അടുത്താണ് ശുഭാംശുവെന്നും പുതിയ യുഗപ്പിറവിയാണ് അദ്ദേഹത്തിന്റെ ബഹിരാകാശ യാത്രയെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

......(വോയ്സ്)...

ഇന്ത്യൻ പാരമ്പര്യത്തിന്റെ ഭാഗമാണ് പ്രദക്ഷിണമെന്നും, ശുഭാംശുവിന് ഭൂമിയ്ക്കുചുറ്റും പ്രദക്ഷിണം വെയ്ക്കാൻ അനുഗ്രഹീതമായ അപൂർവ്വാവസരം ലഭിച്ചതായും നരേന്ദ്രമോദി പറഞ്ഞു. ബഹിരാകാശത്ത് ഇന്ത്യയെ പ്രതിനിധീകരിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് ശുഭാംശു പ്രതികരിച്ചു. കുട്ടിക്കാലത്ത് ഒരിക്കലും ബഹിരാകാശ സഞ്ചാരിയാകുമെന്ന് പ്രതീക്ഷിച്ചിട്ടില്ലെന്നും, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്നത്തെ ഇന്ത്യ, എണ്ണമറ്റ അവസരങ്ങൾ ജനങ്ങൾക്ക് സമ്മാനിച്ച് അവരുടെ സ്വപ്ന സാക്ഷാത്ക്കാരത്തിന് വഴിതുറക്കുകയാണെന്നും ശുഭാംശു പറഞ്ഞു.

ഭൂമിയിലെ കഠിന പരിശീലനവും, ബഹിരാകാശ നിലയത്തിലെ അനുഭവങ്ങളും സംബന്ധിച്ച പ്രധാനമന്ത്രിയുടെ ചോദ്യത്തിന്, പരിശീലന കാലത്ത് അറിഞ്ഞ ഗുരുത്വാകർഷണമില്ലായ്മയും, യഥാർത്ഥത്തിലുണ്ടായ അനുഭവവും തികച്ചും വ്യത്യസ്തമാണെന്ന് ശുഭാംശു മറുപടി നൽകി. വെള്ളം കുടിക്കുന്നതും, ഉറങ്ങുന്നതും ബഹിരാകാശത്തെ വലിയ വെല്ലുവിളികളാണെന്നും ശുഭാംശു വിശദീകരിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ രണ്ടു മാസത്തെ ഫയൽ അദാലത്തിന് മറ്റന്നാൾ തുടക്കമാകും. കഴിഞ്ഞ മെയ് 31 വരെ തീരുമാനമാകാത്ത ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ ലക്ഷ്യമിട്ടാണ് അദാലത്ത് സംഘടിപ്പിക്കുന്നത്. വികസന- മുൻഗണനാ പദ്ധതികൾ, യുവജനങ്ങളുടെ തൊഴിൽ പദ്ധതികൾ, കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ എന്നിവയ്ക്ക് അദാലത്തിൽ മുൻഗണന നൽകും. വകുപ്പു സെക്രട്ടറിമാർ ഫയലുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കും. മന്ത്രിമാർ രണ്ടാഴ്ചയിലൊരിക്കൽ ഫയൽ അദാലത്തിന്റെ പുരോഗതി വിലയിരുത്തും. തീർപ്പാക്കിയ ഫയലുകളുടെ വിവരങ്ങൾ സെപ്റ്റംബർ 15 നകം വകുപ്പു സെക്രട്ടറിമാർ മന്ത്രിമാർക്ക് സമർപ്പിക്കണം. സെപ്റ്റംബർ 20 നകം മന്ത്രിമാർ ഈ വിവരം മുഖ്യമന്ത്രിക്ക് ലഭ്യമാക്കണമെന്നാണ് നിർദ്ദേശം.

✪✪✪

മന്ത്രിസഭാ വാർഷികാഘോഷങ്ങളുടെ ഭാഗമായി നാല് ജില്ലകളുടെ മേഖലാതല അവലോകന യോഗം മറ്റന്നാൾ രാവിലെ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ: വനിതാ കോളേജിൽ നടത്തും. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ വികസന പദ്ധതികൾ യോഗത്തിൽ അവലോകനം ചെയ്യും.

മന്ത്രിമാർ, ചീഫ് സെക്രട്ടറി, DGP, നാലു ജില്ലകളിലെ കലക്ടർമാർ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നു രാവിലെ പത്തു മുതൽ പതിനൊന്നര വരെ കണ്ണൂർ പിണറായി കൺവെൻഷൻ സെന്ററിലെ മണ്ഡലം ഓഫീസിൽ പൊതുജനങ്ങളിൽ നിന്ന് നിവേദനം സ്വീകരിക്കും. തുടർന്ന് പിണറായി പൊലീസ് സ്റ്റേഷന് വേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന് അദ്ദേഹം തറക്കല്ലിടും.

നാളെ വൈകിട്ട് കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളജിന്റെ സുവർണ ജൂബിലിയും പുതിയ കോളജ് ഓഡിറ്റോറിയവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

1975 നും 1977 നുമിടയിലെ ഹ്രസ്വമെങ്കിലും, ഇരുണ്ട കാലഘട്ടം രാജ്യത്തെ പൗരൻമാരുടെ ജീവിതത്തെ ബാധിച്ചുവെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടെന്നും, പത്രസ്വാതന്ത്ര്യം അടിച്ചമർത്തപ്പെട്ടുവെന്നും, വിചാരണ കൂടാതെ ആയിരങ്ങളെ തടങ്കലിലാക്കിയെന്നും ജിതേന്ദ്ര സിംഗ് പറഞ്ഞു. ഡൽഹി നിയമസഭയിലെ സംവിധാൻ ഹത്യ ദിവസ് സെമിനാറിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും കേൾക്കാം. മൻ കി ബാതിന്റെ 123 -ാം പതിപ്പാണിത്. ആകാശവാണി- ദൂരദർശൻ ശൃംഖലയ്ക്കു പുറമെ AIR NEWS വെബ്സൈറ്റിലും, News on AIR മൊബൈൽ ആപ്പിലും മൻ കി ബാത് ഉണ്ടായിരിക്കും. AIR NEWS, DD NEWS, പ്രധാനമന്ത്രിയുടെ ഓഫീസ്, വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ You Tube ചാനലുകളിലും പ്രഭാഷണം കേൾക്കാം. ഹിന്ദി പ്രക്ഷേപണത്തിനു ശേഷം പ്രാദേശിക പരിഭാഷ പ്രക്ഷേപണം ചെയ്യും.

✪✪✪

ഇന്ന് ദേശീയസ്ഥിതിവിവരക്കണക്ക് ദിനം. ഇന്ത്യൻ സ്ഥിതിവിവരക്കണക്ക് ശാസ്ത്രത്തിന്റെ പിതാവായ പ്രൊഫസർ P.C മഹലനോബിസിന്റെ ജന്മദിനമാണ് രാജ്യം ദേശീയസ്ഥിതിവിവരക്കണക്ക് ദിനമായി ആചരിക്കുന്നത്. സാമൂഹിക-സാമ്പത്തിക ആസൂത്രണത്തിലും ദേശീയ വികസന നയരൂപീകരണത്തിലും സ്ഥിതി വിവരക്കണക്കുകളുടെ പങ്കിനെക്കുറിച്ച് അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

മുല്ലപ്പെരിയാറിൽ ജലനിരപ്പ് 136.10 അടി ആയതോടെ ഡാം തുറക്കുന്നതിന് നടപടി തുടങ്ങി. രാവിലെ മുതൽ ഡാം തുറന്ന് വെള്ളം ഒഴുക്കുമെന്ന് തമിഴ്നാട് നേരത്തെ അറിയിച്ചിരുന്നു.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.

...... (വോയ്സ്).........

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

ദേശീയപാത 66 നിർമാണ പ്രവൃത്തിയുടെ ഭാഗമായി സോയിൽ നെയ്‌ലിംഗ് നടത്തിയ ഭാഗത്തെ ഭൂമി ഏറ്റെടുക്കാൻ ദേശീയപാതാ അതോറിറ്റി തയ്യാറാകണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് ആവശ്യപ്പെട്ടു. ദേശീയപാത നിർമാണത്തെത്തുടർന്ന് അപകടഭീഷണിയിലായ കൊയിലാണ്ടി കുന്ന്യോറ മലയിലെയും മറ്റു സ്ഥലങ്ങളിലെയും ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. അവിടങ്ങളിൽ താമസിക്കുന്ന 22 കുടുംബങ്ങളുടെ പ്രശ്നങ്ങൾ മനസിലാക്കി ദേശീയപാതാ അതൊറിറ്റിയിൽ നിന്ന് ഇടപെടൽ ഉണ്ടാവണമെന്നും കോഴിക്കോട് ജില്ലാ വികസന സമിതി യോഗത്തിൽ മന്ത്രി പറഞ്ഞു.

✪✪✪

KSRTC ബസുകളുടെ തത്സമയ യാത്രാവിവരങ്ങൾ 'ചലോ' മൊബൈൽ ആപ്പിൽ ലഭ്യമാക്കുമെന്ന് മന്ത്രി KB ഗണേഷ് കുമാർ അറിയിച്ചു. പത്തനാപുരം KSRTC ഡിപ്പോയിൽ E-ഓഫീസ് സംവിധാനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സ്റ്റോപ്പിൽ നിൽക്കുന്ന യാത്രക്കാർക്ക് ബസിനെക്കുറിച്ചും സീറ്റ് ഒഴിവിനെക്കുറിച്ചും ഇതിലൂടെ വിവരം ലഭിക്കും. യാത്രക്കാർക്ക് നൽകുന്ന സ്മാർട്ട് കാർഡുകൾ മൊബൈൽ ആപ്പ് വഴി റീ ചാർജ് ചെയ്യാനാകുമെന്നും മന്ത്രി പറഞ്ഞു. അച്ചടിച്ച 90,000 സ്മാർട്ട് കാർഡുകളിൽ 82,000 ഉം വിൽപ്പന നടത്തി. അഞ്ചു ലക്ഷം കാർഡുകൾകൂടി ഉടൻ സജ്ജമാക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

നാലുവർഷ ബിരുദ കോഴ്സ് വിദ്യാർത്ഥികളെ വരവേൽക്കാൻ ജൂലൈ ഒന്നിന് സംസ്ഥാനത്തെ മുഴുവൻ കോളജുകളിലും വിജ്ഞാനോത്സവം സംഘടിപ്പിക്കും. കോഴിക്കോട് മീഞ്ചന്ത ഗവ: ആർട്സ് ആന്റ് സയൻസ് കോളജിൽ മന്ത്രി ഡോ. R ബിന്ദു വിജ്ഞാനോത്സവത്തിന്റെ സംസ്ഥാനതല ചടങ്ങ് ഉദ്ഘാടനം ചെയ്യും.

ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ കോളജുകൾ പരിപാടിയിൽ പങ്കെടുക്കും. കഴിഞ്ഞ ജൂലൈ ഒന്നിനാണ് കേരളത്തിലെ എട്ട് സർവകലാശാലാ ക്യാമ്പസുകളിലും 9,00 ത്തോളം കോളജുകളിലും നാലുവർഷ ബിരുദ കോഴ്സുകൾക്ക് തുടക്കമായത്.

✪✪✪

കൂടുതൽ മികച്ച പഠനാന്തരീക്ഷം ഒരുക്കാനും എല്ലാ വിദ്യാർഥികൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കാനും ഗവൺമെന്റ് തുടർന്നും പ്രവർത്തിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. നീറ്റ് UG പരീക്ഷയിൽ കേരളത്തിൽ ഒന്നാം റാങ്ക് നേടിയ ദീപ്നിയ ബാബുവിനെ ആദരിക്കുന്ന 'ദീപ്തം 25' ചടങ്ങ് കോഴിക്കോട് ആവള-കുട്ടോത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കേരള പത്രപ്രവർത്തക യൂണിയന്റെ ജേർണലിസ്റ്റ് വെൽഫെയർ ഫണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ എറണാകുളത്ത് ഉദ്ഘാടനം ചെയ്തു. അവശ്യഘട്ടങ്ങളിൽ സഹായകമാകുന്ന ക്ഷേമസംരംഭം മാതൃകാപരമാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യ ഇംഗ്ലണ്ടിനെ 97 റൺസിന് തോൽപ്പിച്ചു. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ അഞ്ചു വിക്കറ്റിന് 210 റൺസെടുത്തു. 62 പന്തിൽ നിന്ന് 112 റൺസെടുത്ത് സ്മൃതി മന്ദാന ട്വന്റി-20 യിലെ ആദ്യ സെഞ്ചുറി നേടി. തുടർന്ന് ബാറ്റ് ചെയ്ത ഇംഗ്ലണ്ട് 14.5 ഓവറിൽ 113 റൺസിന് എല്ലാവരും പുറത്തായി.

✪✪✪

സുംബ ഡാൻസ് കാർഡിയാക് വ്യായാമമാണെന്നും, ചില യാഥാസ്ഥിതികരുടെ സമ്മർദ്ദത്തിന് ഗവൺമെന്റും, വിദ്യാഭ്യാസ വകുപ്പും വഴങ്ങേണ്ടതില്ലെന്നും നിയമസഭാ സ്പീക്കർ A.N ഷംസീർ പറഞ്ഞു. മതത്തിന്റെ കുപ്പായമണിഞ്ഞ ചിലരാണ് വിവാദങ്ങൾ ഉണ്ടാക്കുന്നതെന്നും സ്പീക്കർ വിലയിരുത്തി. ആലപ്പുഴയിൽ SSLC, പ്ലസ് ടു പരിക്ഷകളിൽ മികച്ച വിജയം നേടിയ

വിദ്യാർഥികൾക്ക് P.P ചിത്തരഞ്ജൻ മെറിറ്റ് അവാർഡ് വിതരണം ചെയ്യുകയായിരുന്നു സ്പീക്കർ.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് വൻ ഭക്തജന തിരക്ക്. നാളെ ഉച്ചവരെ മാത്രമാണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം.

✪✪✪

ഭാരതത്തിന്റെ സാംസ്കാരിക പ്രതീകമായ ഭാരതാംബയെ ഔദ്യോഗിക ചിഹ്നങ്ങളിൽ ഉൾപ്പെടുത്തണമെന്ന് BJP ദേശീയ വൈസ് പ്രസിഡന്റ് A.P അബ്ദുള്ളക്കുട്ടി പറഞ്ഞു. ഭാരതാംബ ചിത്രത്തിന് ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഏകീകൃതരൂപം ഉണ്ടാക്കണമെന്നും അദ്ദേഹം കോഴിക്കോട്ട് അഭിപ്രായപ്പെട്ടു.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader: അനിൽചന്ദ്രൻ*
*CNRTs: രജിന കെ, ശ്രീജിമോൾ*
*DEO: ഷീബ*